بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 08.03.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*08.03.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## നബി (സ) തിരുമേനിയുടെ മഹനീയ സ്ഥാനികളായ ബദരീ സഹാബാക്കളുടെ വിശ്വാസം തുളുമ്പുന്ന സംഭവങ്ങളുടെ ഹൃദ്യവും മനോഹരവുമായ വിവരണം.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۝ الرَّحْمٰنِ الرَّحِيْمِ۝ مٰلِكِ يَوْمِ الدِّيْنِ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ۝ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۝

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ തിരുമനസ്സ് പറയുന്നു:

ഹദ്റത്ത് ഖയ്സ് ബിൻ മുഹ്സിൻ അൻസാരി ഒരു സഹാബിയായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം അൻസാർ ഗോത്രമായ ബനൂ സരീഖുമായാണ്. അദ്ദേഹം ബദ്ർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു.

അടുത്ത സഹാബി ഹദ്റത്ത് ജബീർ ബിൻ അയാസ് ആണ്. അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ ബന്ധം ഖസ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ സരീഖുമായാണ്. ഹദീസിൽ വരുന്നു, നബി(സ)യുടെ മേൽ നഊദ് ബില്ലാഹ് ഒരു യഹൂദി മാരണവിദ്യ പ്രയോഗിച്ചു. അതിന്റെ പ്രഭാവം അങ്ങയിൽ പ്രതിധ്വനിച്ചു. നിവേദനത്തിൽ വരുന്നത് അയാൾ ചീർപ്പിലും തലമുടിയിലും ജാലവിദ്യ നടത്തി ഒരു കിണറിലേയ്ക്കിട്ടു. നബി(സ) പിന്നീട് അത് അവിടെ നിന്ന് പുറത്തെടുത്തു. ബുഖാരിയുടെ വ്യാഖ്യാനമായ ഫത്ഹുൽ ബാരിയിൽ പറയുന്നത് ചീർപ്പും തലമുടിയും ഹദ്റത്ത് ജബീർ ബിൻ അയാസാണ് കിണറിൽ നിന്ന് പുറത്തെടുത്തത്. മറ്റൊരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഖയ്സ് ബിൻ മുഹ്സിനാണ് അത് പുറത്തെടുത്തത്. അതുകൊണ്ടാണ് ഈ രണ്ട് സഹാബാക്കളുടെ വിവരണവും ഒരുമിച്ച് വിവരിക്കുന്നത്. അവരിൽ ഒരാൾ അത് പുറത്തെടുത്തുവെന്നതല്ല പ്രാധാന്യം അർഹിക്കുത്. മറിച്ച് നബി(സ)യുടെ മേൽ മാരണം നടത്തിയത് മൂലം പ്രഭാവം ഉണ്ടായോ? എന്നതാണ് പ്രധാന വിഷയം. അതിന്റെ യാഥാർഥ്യം എന്താണ്? അതിനെ കുറിച്ചുള്ള നമ്മുടെ വീക്ഷണവും നാം അറിഞ്ഞിരിക്കേണ്ടതാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: റസൂൽ കരീം(സ) രോഗ ബാധിതനായതും അങ്ങയുടെ മേൽ യഹൂദി മാരണം പ്രയോഗിച്ച സംഭവവും വിവരിക്കുന്ന നിവേദനത്തിലെ വാക്കുകൾ ഇപ്രകാരമാണ്. ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു: യഹൂദികൾ നബി(സ)യുടെ മേൽ മാരണം പ്രയോഗിച്ചു. അതിന്റെ പ്രഭാവം അങ്ങയിൽ എപ്രകാരം സ്വാധീനം ചെലുത്തിയെന്നാൽ ചില അവസരങ്ങളിൽ അങ്ങ് വിചാരിക്കും ഇന്ന ജോലി ചെയ്തുവെന്ന് എന്നാൽ വാസ്തവത്തിൽ അത് ചെയ്തിട്ടുണ്ടാവില്ല. ഒരു ദിവസം രാത്രി റസൂൽ കരീം(സ) അല്ലാഹുവിനോട് ദുആ ചെയ്തു. അതിന് ശേഷം പറഞ്ഞു: അല്ലയോ ആയിശ! ഞാൻ ചോദിച്ചതെല്ലാം അല്ലാഹു എനിയ്ക്ക് നല്കിയിരിക്കുന്നു. ഹദ്റത്ത് ആയിശ(റ) പറയുന്നു: അല്ലയോ അല്ലാഹുവിന്റെ റസൂലേ! താങ്കൾ ആവശ്യപ്പെട്ടത് എന്താണ്? അദ്ദേഹം പറഞ്ഞു: എന്റെ പക്കൽ രണ്ട് ആളുകൾ വന്നു. ഒരാൾ എന്റെ തല ഭാഗത്തും മറ്റയാൾ എന്റെ കാൽ ഭാഗത്തും ഇരുന്നു. പിന്നീട് എന്റെ അടുത്തിരുന്ന വ്യക്തി എന്റെ കാൽഭാഗത്ത് ഇരുന്ന വ്യക്തിയെ അഭിമുഖീകരിച്ച് കൊണ്ട് ചോദിച്ചു: ഈ വ്യക്തിയ്ക്ക് അതായത് മുഹമ്മദ്(സ)യ്ക്ക് എന്ത് പ്രയാസമാണ് ഉണ്ടായത്? രണ്ടാമൻ പറഞ്ഞു: മാരണം പ്രയോഗിക്കപ്പെട്ടിരിക്കുന്നു. അയാൾ പറഞ്ഞു: ആരാണ് മാരണം ചെയ്തത്? മറ്റയാൾ പറഞ്ഞു: അത് ലബീദ് ബിൻ ആസിം യഹൂദിയാണ്. അപ്പോൾ ഒന്നാമൻ പറഞ്ഞു: ആ വസ്തുക്കൾ എവിടെ? രണ്ടാമൻ പറഞ്ഞു: ദീഅർവാന്റെ കിണറ്റിലാണ് അത് ഉള്ളത്.

ഹദ്റത്ത് ആയിശ(റ) പറയുന്നു: അതിന് ശേഷം നബി കരീം(സ) തന്റെ സഹാബത്തിനെയും കൂടി കിണറിനരികിലേയ്ക്ക് പോയി. പിന്നീട് തിരിച്ച് വന്നു. എന്നിട്ട് പറഞ്ഞു: അല്ലയോ ആയിശ! അല്ലാഹുവാണ, കിണറിലെ വെള്ളം മൈലാഞ്ചിയുടെ നീര് പോലെ ചുവപ്പായി കാണപ്പെടുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ് പറയുന്നു: ഇതിൽ നിന്ന് മനസ്സിലാകുന്നത്, യഹൂദികളുടെ രീതി എന്നത്, ആരുടെയെങ്കിലും മേൽ മാരണം ചെയ്യുമ്പോൾ മൈലാഞ്ചി പോലുള്ള മറ്റ് വല്ല വസ്തുവും വെള്ളത്തിൽ കലർത്തുന്നു. മാരണം മൂലമാണ് വെള്ളത്തിന് ചുവപ്പ് നിറമുണ്ടായതെന്ന് കാണിക്കുതിന് വേണ്ടി. ഹദ്റത്ത് ആയിശ(റ) പറയുന്നു: ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! അങ്ങ് മാരണം പ്രയോഗിക്കപ്പെട്ട വസ്തുക്കളെ എന്ത് കൊണ്ടാണ് കത്തിച്ച് കളയാതിരുന്നത്? റസൂൽ(സ) പറഞ്ഞു: അല്ലാഹു ശിഫ നല്കിയതിനാൽ പിന്നെ പ്രയാസമുണ്ടാകുന്ന യാതൊന്നും ചെയ്യാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് അതിനെ മറവ് ചെയ്യാൻ ഞാൻ കല്പന നൽകി. അങ്ങനെ അത് മറവ് ചെയ്തു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് പറയുന്നു: ഈ നിവേദത്തിൽ നിന്ന് നബി(സ)യുമായി യഹൂദികൾക്ക് ഉണ്ടായിരുന്ന ശ

ത്രുതയെ കുറിച്ച് മനസിലാകുന്നു. അതുപോലെ നബി(സ) അല്ലാഹുവിന്റെ സത്യപ്രവാചകനായിരുന്നുവെന്ന കാര്യവും വ്യക്തമാകുന്നുണ്ട്. കാരണം യഹൂദികൾ ചെയ്ത എല്ലാ കാര്യത്തെ കുറിച്ചുള്ള അറിവും അല്ലാഹു അദ്ദേഹത്തിന് നല്കി. അങ്ങനെ അദ്ദേഹത്തിന് അദൃശ്യകാര്യങ്ങളെ കുറിച്ചുള്ള അറിവ് നല്കിയതും യഹൂദികൾ അവരുടെ ലക്ഷ്യത്തിൽ പരാജിതരായതും അദ്ദേഹം സത്യപ്രവാചകനായിരുന്നുവെതിനുള്ള വ്യക്തവും വിപുലവുമായ തെളിവാകുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നല്കിയ ഈ വിശദീകരണമാണ് യാഥാർത്ഥ്യം. നബി(സ)യുടെ മേൽ യഹൂദികൾ മാരണം പ്രയോഗിച്ചു. അതിന്റെ യാതൊരു പ്രഭാവവും ഉണ്ടായില്ല. അത് ഒരു മറവിയുടെ മാത്രം അസുഖമായിരുന്നു. അല്ലാഹു നബി(സ)യ്ക്ക് യഹൂദികളുടെ ഗൂഢതന്ത്രത്തെ കുറിച്ച് അറിവ് നല്കി. അങ്ങനെ അവർ നബി(സ)യുടെ മേൽ മാരണം ചെയ്തുവെന്ന ചിന്തയെ പോലും പരാജിതമാക്കി കൊണ്ട് അതിനെ വെളിപ്പെടുത്തി. യഹൂദികൾ അങ്ങയുടെ അസുഖം കണ്ട് അവരുടെ അവകാശവാദത്തിൽ സന്തോഷിച്ചതിന്റെയും അവരുടെ മാരണം പ്രഭാവം ചെലുത്തിയെന്ന് പ്രസിദ്ധപ്പെടുത്തിയതിന്റെയും യാഥാർത്ഥ്യം അല്ലാഹു വെളിപ്പെടുത്തി.

ഹദ്റത്ത് മിർസാ ബശീർ സാഹിബ്(റ) പറയുന്നു: ഹുദൈബിയ സന്ധിയ്ക്ക് ശേഷം നബി(സ)യുടെ മേൽ നഊദ് ബില്ലാഹ് ഒരിക്കൽ ലബീദ് ബിൻ ആസിം എന്ന് പേരുള്ള കപടനായ ഒരു യഹൂദി ഇപ്രകാരം മാരണം പ്രയോഗിച്ചു. ഒരു ചീർപ്പിൽ തലമുടി ചുറ്റി അതിൽ മന്ത്രിച്ച് ഊതി അതിനെ ഒരു കിണറ്റിലിട്ടു. പറയപ്പെടുന്നു, നഊദ് ബില്ലാഹ് ജാലവിദ്യയ്ക്ക് അദ്ദേഹം ഒരുപാട് കാലം വശഗതനായി. ഈ ദിവസങ്ങളിൽ അങ്ങയ്ക്ക് അധികമായി സ്മൃതിഭ്രംശം ഉണ്ടായി. ചില സമയത്ത് ഇന്ന കാര്യം ചെയ്തുവെന്ന് ധരിക്കും എന്നാൽ അത് ചെയ്തിട്ടുണ്ടാവില്ല. അല്ലെങ്കിൽ ചില അവസരങ്ങളിൽ അദ്ദേഹം ഇന്ന ഭാര്യാ വീട്ടിൽ പോയിട്ടുണ്ടാവും എന്ന് വിചാരിക്കും. എന്നാൽ യാഥാർഥത്തിൽ ആ വീട്ടിൽ പോയിട്ടുണ്ടാവില്ല. അവസാനം അല്ലാഹു ഒരു സ്വപ്നത്തിലൂടെ അദ്ദേഹത്തിന് ഈ ഫിത്നയുടെ യാഥാർത്ഥ്യം വെളുപ്പെടുത്തി. ഈ നിവേദത്തിനെ ചുറ്റി പറ്റി പല കെട്ടുകഥകളും ഉള്ളതിനാൽ യാഥാർത്ഥ്യം തിരിച്ചറിയുക വളരെ പ്രയാസകരമാണ്. ഒരുപക്ഷേ മുഴുവൻ നിവേദനങ്ങളും അംഗീകരിക്കുന്ന പക്ഷം നഊദ് ബില്ലാഹ് നബി(സ)യുടെ പരിശുദ്ധവും പവിത്രവുമായ വ്യക്തിത്വം ഒരു ബലഹീനമായ പ്രകൃതമായി കണക്കാക്കേണ്ടി വരും. അല്ലെങ്കിൽ കുറഞ്ഞത് ഭൗതിക കാര്യങ്ങളിൽ ശത്രുവിന് പോലും ഇംഗിതമനുസരിച്ച് അദ്ദേഹത്തെ തന്റെ മായാവലയത്തിൽ ബന്ധിക്കാൻ സാധിക്കുമെന്നും വരും. അദ്ദേഹത്തെ അവരുടെ കുതന്ത്രങ്ങൾക്ക് കുറിമാനമാക്കി, അദ്ദേഹത്തിന്റെ മനസ്സിനെയും ഹൃദയത്തെയും അവരുടെ അധീനതയിൽ വെക്കാൻ സാധിക്കുമെന്നും വരും. നഊദ് ബില്ലാഹ് ജാലവിദ്യയ്ക്ക് മുന്നിൽ കഴിവില്ലാത്തവനായി അദ്ദേഹത്തെ കാണേണ്ടിവരും. ഒരു പക്ഷേ നാം ഈ നിവേദനങ്ങളെ ബുദ്ധിയുടെയും പ്രമാണങ്ങളുടെയും ആധാരത്തിൽ ഗവേഷണ വിധേയമാക്കുന്ന പക്ഷം വ്യക്തമാകുന്നത് അതൊരു സ്മൃതിഭ്രംശം മാത്രമായിരുന്നുവെന്നും ചില താൽകാലിക സംഭവങ്ങൾ സംഭവിച്ചതാണെന്നാണ്. ചില കഠിന വിരോധികൾ അവസരം മുതലാക്കി കൊണ്ട് ഞങ്ങൾ മുസ്‌ലിംങ്ങളുടെ നബിയുടെ മേൽ നഊദ്ബില്ലാഹ് മാരണം പ്രയോഗിച്ചുവെന്ന് പ്രസിദ്ധപ്പെടുത്തി. എന്നാൽ അല്ലാഹു നബി(സ)യ്ക്ക് അതിവേഗം ശിഫ നല്കി കൊണ്ട് ശത്രുക്കളുടെ വായടച്ചു. കപട വിശ്വാസികളുടെ കുപ്രചാരണത്തെ ഉന്മൂലനം ചെയ്തു.

സർവലോകത്തിലെയും പൈശാചിക ശക്തികളുടെ മേൽ ആധിപത്യം നേടിയവനും പ്രവാചകശ്രേഷ്ഠനും അതിലും ഉപരിയായി അധമ ശക്തികളുടെ ശിരസ്സ് ഛേദിച്ചവനുമായ അദ്ദേഹത്തെ പോലെയുള്ള ആരും ഇതുവരെ ജനിക്കുകയോ ഇനി ജനിക്കുകയോ ഇല്ല. അധമനായ ഒരു യഹൂദിയുടെ പൈശാചികമായ മാരണത്തിന് അദ്ദേഹം കുറിമാനമായി എന്ന വിചാരം പോലും വളരെ നീചമാണ്. അങ്ങനെ ചിന്തിക്കാനേ സാധ്യമല്ല. ഇത് നമ്മുടെ വാദമല്ല.മറിച്ച് സ്വയം നബി(സ)യുടെ പ്രകൃതം തന്നെ ഇതിന് സാക്ഷ്യം വഹിക്കുന്നു. അതിനുള്ള തെളിവ് നമുക്ക് ഒരു ഹദീസിൽ നിന്ന് ലഭിക്കുന്നുണ്ട്. ഒരിക്കൽ ഹദ്റത്ത് ആയിശ(റ) ചോദിച്ചു: അല്ലയോ! റസൂലുല്ലാഹ് എന്നോടൊപ്പവും ശയ്ത്വാനുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ. ഹദ്റത്ത് ആയിശ(റ) ചോദിച്ചു: എല്ലാ മനുഷ്യരോടൊപ്പവും ശയ്ത്വാനുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ. ഹദ്റത്ത് ആയിശ അദ്ഭുതത്തോട് കൂടി ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ ! അങ്ങയോടൊപ്പവും ശയ്ത്വാൻ കുടികൊള്ളുന്നുണ്ടോ?. അദ്ദേഹം പറഞ്ഞു: അതെ. എന്നാൽ അല്ലാഹു എനിക്ക് ശയ്ത്വാനുമേൽ ആധിപത്യം നല്കിയിരിക്കുന്നു. ഏതു വരെയെന്നാൽ എന്റെ ശയ്ത്വാനും മുസ്‌ലിം ആയിരിക്കുന്നു. ഈ വ്യക്തവും സ്പഷ്ടവുമായ പ്രസ്താവന നിലനിൽക്കേ ഒരു യഹൂദി അദ്ദേഹത്തിന്റെ മേൽ മെസ്മരിസം നടത്തിയെന്ന് വിചാരിക്കാൻ സാധിക്കുമോ? വിശുദ്ധ ഖുർആൻ ദൈവകോപത്തിന് ഇരയായവർ എന്ന് വിശേഷിപ്പിച്ച സമൂഹത്തിലെ കപടനായ ഒരു യഹൂദിയ്ക്ക് തന്റെ പൈശാചികശക്തി ഉപയോഗിച്ച് നബി(സ)യെ പോലുള്ള ഒരു ഉന്നത സ്ഥാനിയായ നബിയുടെ മേൽ മന്ത്രവിദ്യ പ്രയോഗിക്കുകയും ആ മാസ്മരികതയുടെ സ്വാധീനത്താൽ ദീർഘനാൾ പ്രയാസത്തിലകപ്പെട്ട് നിസ്സഹായനും രോഗിയുമായി മാറുകയോ? (ഒരിക്കലുമില്ല) അദ്ദേഹം എഴുതുന്നു: പിന്നീട് ഉണ്ടാകുന്ന ചോദ്യമിതാണ്, ഹദ്റത്ത് ആയിശ(റ) വിവരിച്ച ബുഖാരിയിൽ വരെ വന്നിട്ടുള്ള ആ സംഭവത്തിന്റെ യാഥാർത്ഥ്യം എന്താണ്? അതുകൊണ്ട് ഈ സംഭവത്തെ പ്രസ്തുത സാഹചര്യത്തെയും യഹൂദികളുടെയും കപടവിശ്വാസികളുടെയും രീതികളെയും മുന്നിൽ വച്ച് കൊണ്ട് പരിശോധിക്കുന്നതായാൽ ഈ സംഭവത്തിന്റെ യാഥാർത്ഥ്യം മനസിലാക്കുന്നതിൽ പ്രയാസം നേരിടുകയില്ല. ആദ്യം മനസ്സിലാക്കേണ്ടത് ഈ കൂടോത്രം ഹുദൈബിയ സന്ധിക്ക് ശേഷമാണ് ഉണ്ടായത്. ഖുറൈശികൾ വഴി തടഞ്ഞ കാരണം നബി(സ)യ്ക്ക് താല്കാലിക പരാജയം ഏറ്റുവാങ്ങി മടങ്ങേണ്ടിവന്നു. ഇതിന്റെ പ്രത്യാഘാതങ്ങൾ ഭാരിച്ചതായിരുന്നു. അവിശ്വാസികളുടെയും കപടവിശ്വാസികളുടെയും പരിഹാ

സങ്ങളും അപഹാസ്യങ്ങളും ആക്ഷേപങ്ങളും ആരോപണ ങ്ങളും വലിയ തോതിലായിരുന്നു. ഇത് നബി(സ)യുടെ പ്രകൃതത്തെ പ്രതികൂലമായി ബാധിച്ചു. കുറച്ച് കാലത്തേക്ക് അദ്ദേഹത്തെ പരിഭ്രമത്തിലാഴ്ത്തി. ഈ കാരണങ്ങളാൽ അങ്ങയുടെ നാഡികൾക്കും ഓർമ്മശക്തിക്കും കാര്യമായ ക്ഷതമേറ്റു. അദ്ദേഹം കുറച്ച് കാലം സ്മൃതിഭ്രംശത്തിന് അ ടിപ്പെട്ടു. നബി(സ) കുറച്ച് നാളുകളായി രോഗിയാണെും നാഡികളുടെ ബലഹീനതയും മാനസിക തളർച്ചയും കാര ണം ഓർമക്കുറവ് ഉണ്ടായെന്നുമുള്ള വിവരം ലഭിച്ച യഹൂദി കളും കപടവിശ്വാസികളും അതിനെ മുതലെടുത്തു. ഞങ്ങൾ മുസ്‌ലിംകളുടെ നബിയുടെ മേൽ മാരണം പ്രയോഗിച്ചുവെ ന്നും ഈ സ്മൃതിഭ്രംശം ഈ കൂടോത്രം മൂലമാണെന്നും പറഞ്ഞ് പ്രചരിപ്പിച്ചു. അവർ അവരുടെ പുരാതാന രീതിയ നുസരിച്ച് പ്രത്യക്ഷമായ അടയാളം എന്ന നിലയിൽ ഒരു കിണറിനുള്ളിൽ, ചീർപ്പിൽ തലമുടിയോ മറ്റോ ചുറ്റി നിക്ഷേ പിച്ചു.

ഈ സാങ്കൽപിക മാരണത്തെ കുറിച്ച് നബി(സ)യ്ക്ക് അറിവ് ലഭിച്ചപ്പോൾ ഈ ഫിത്നയുടെ വസ്തുത തേടി അല്ലാഹുവിനോട് ദുആ ചെയ്തു. അല്ലാഹു അങ്ങയുടെ വേദന നിറഞ്ഞ ദുആ കേട്ടു. സ്വപ്നദർശനത്തിലൂടെ യാ ഥാർഥ്യം തുറക്കപ്പെട്ടു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറ യുന്നു: وَلَا يُفْلِحُ السَّاحِرُ حَيْثُ أَتَىٰ നബിമാർക്ക് എതിരിൽ ജാലവിദ്യ ക്കാർ എവിടെ ചെന്നാലും വിജയിക്കുകയില്ല. അത് ഏത് രീതിയിലായാലും ഏത് വശത്തുകൂടെയുള്ള ആക്രമണം ആണെങ്കിലും ശരി. വീണ്ടും പറയുന്നു

يَقُوْلُ الظّٰلِمُوْنَ اِنْ تَتَّبِعُوْنَ اِلَّا رَجُلًا مَّسْحُوْرًا

അക്രമികൾ പറയുന്നു: കൂടോത്രം പ്രയോഗിക്കപ്പെട്ട ഒരു വ്യക്തിയെ ആണോ നിങ്ങൾ പിൻപറ്റുന്നത്. ഹുസൂർ തിരു മനസ്സ് പറയുന്നു: ഹദീസിലെ പദങ്ങളും വിവരണശൈലി യും അറബി പ്രയോഗവും നാം പരിശോധിക്കുമ്പോൾ ബു ഖാരിയിലെ ഈ നിവേദനം ഹികായത്ത് അനിൽ ഗയ്ർ എ ന്നാണ് മനസിലാകുന്നത്. ഹികായത്ത് അനിൽ ഗയ്ർ എ ന്നതിന്റെ വിവക്ഷ, പ്രത്യക്ഷത്തിൽ വിവരിക്കുയാളാണ് സം ഭവത്തെ കുറിച്ച് പറയുന്നതെങ്കിലും യഥാർഥത്തിൽ അയാൾ മറ്റൊരാളുടെ വാക്കുകൾ ഉദ്ദരിക്കുകയാണ് ചെയ്യുന്നത്. ഈ നിവേദനത്തിന്റെ തർജ്ജുമ ഇപ്രകാരമാണ്, ഹദ്റത്ത് ആ യിശ(റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ അദ്ദേഹത്തിൽ മാര ണം പ്രയോഗിച്ചുവെന്ന് ശത്രുക്കൾ പ്രസിദ്ധപ്പെടുത്തി. ആ ദിവസങ്ങളിൽ ചെയ്തുവെന്ന് അദ്ദേഹം ധരിച്ചിരുന്ന ചില കാര്യങ്ങൾ യഥാർഥത്തിൽ ചെയ്തിരുന്നില്ല.

നബി(സ) അല്ലാഹുവിന്റെ മുമ്പിൽ ദുആ ചെയ്തു. തല്ഫ ലമായി അല്ലാഹു സ്വപ്ന ദർശനം നല്കി, രണ്ട് ആളുകൾ അദ്ദേഹത്തിന്റെ പ്രയാസത്തെ കുറിച്ച് സംസാരിക്കുന്നു. ആ സ്വപ്നത്തിലൂടെ അദ്ദേഹത്തിന് ഏതോ ഒരു യഹൂദി, അ ദ്ദേഹത്തിൽ കൂടോത്രം നടത്തണമെന്ന വിചാരത്തോടെ ഏ തോ വസ്തു കിണറ്റിലിട്ടിട്ടുണ്ടെന്ന് മനസ്സിലായി. അദ്ദേഹം സഹാബത്തിനോടൊപ്പം ആ കിണറിനടുത്ത് പോകുകയും അത് കുഴിച്ച് മൂടുകയും ചെയ്തു. ഹദ്റത്ത് ആയിശ പറ യുന്നു: ഞാൻ റസൂലുല്ലാഹ്(സ)യോട് ചോദിച്ചു, അങ്ങ് ആ ചീർപ്പും മറ്റും എന്ത് കൊണ്ട് നശിപ്പിച്ചു കളഞ്ഞില്ല? അദ്ദേ ഹം പറഞ്ഞു: അല്ലാഹു എന്നെ രക്ഷിച്ചു. എനിക്ക് ആരോഗ്യം നല്കി. പിന്നെ അതിനെ നശിപ്പിച്ച് എന്തിനാണ് ആളുകൾക്ക് വെറുതെ ഒരു പ്രശ്നത്തിന് അവസരം നല്കണം. അപ്ര കാരം ബലഹീനപ്രകൃതരുടെ ശ്രദ്ധ ഈ മന്ത്രപ്രയോഗത്തി ലേയ്ക്ക് തിരിയുമെന്നുള്ള ആശങ്കയുമുണ്ടായിരുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു, ആ സ്വപ്നത്തിന്റെ ഉദ്ദേ ശം ഇത്ര മാത്രമായിരുന്നു, ശത്രുക്കൾ കിണറിൽ ചില വസ് തുക്കൾ ഒളിപ്പിച്ച് മറ്റുള്ളവരെ ചതിക്കണമെന്ന ഉദ്ദേശത്തോ ട് കൂടി നടത്തിയ ഈ സാങ്കൽപിക മാരണത്തെ ഇല്ലായ്മ ചെയ്യുതിന് വേണ്ടി അല്ലാഹു തന്റെ പ്രവാചകന് അക്കാര്യം വെളിപ്പെടുത്തി കൊടുത്തു. അങ്ങനെ തന്നെ സംഭവിച്ചു. അവരുടെ മാരണവസ്തുക്കളെ മണ്ണിട്ട് മൂടി. കിണർ മറവ് ചെയ്തു. അത് മൂലം നബി(സ)യുടെ പ്രകൃതത്തിൽ ഉണ്ടാ യിരുന്ന പരിഭ്രമവും ഇത്തരത്തിലുള്ള ഉപദ്രവങ്ങൾ മുഖേന സാധാരണ ആളുകൾ ചതിയിൽ പെട്ട് പോകുമോ എന്ന ചി ന്തയും ഇല്ലാതായി. അല്ലാഹുവിന്റെ ഈ വാഗ്ദാനം പ്രൗ ഢിയോടെ പുലർന്നു, وَلَا يُفْلِحُ السَّاحِرُ حَيْثُ أَتَىٰ ജാലവിദ്യക്കാർ ഏ തൊരു രീതി സ്വീകരിച്ചാലും ശരി അവർ അല്ലാഹുവിന്റെ പ്രവാചകനെതിരിൽ ഒരിക്കലും വിജയിക്കുകയില്ല.

അവസാനം ഈ ഒരു ചോദ്യവും അവശേഷിക്കുന്നു. അ തായത് നബി (സ) അല്ലാഹുവിന്റെ മഹാനായ നബിയും പ്രവാചകരിൽ ശ്രേഷ്ഠനും ഖാത്തുമുനബിയ്യീനും ആയിരി ക്കെ അദ്ദേഹത്തിന് സ്മൃതിഭ്രംശത്തിന്റെ അസുഖം എന്ത് കൊണ്ട് ഉണ്ടായി? പ്രത്യക്ഷത്തിൽ അത് നുബുവത്തിന്റെ കടമങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നതാണ്. ഇതിനുള്ള മറുപ ടിക്കായി ഒരുകാര്യം ശരിക്കും മനസ്സിലാക്കേണ്ടതാണ്. ഒരു പ്രവാചകന് രണ്ട് വ്യക്തിത്വങ്ങളാണ് ഉള്ളത്. ഒരു വശത്ത് അദ്ദേഹം അല്ലാഹുവിന്റെ റസൂലും നബിയുമാകുന്നു. അത് മുഖേന അല്ലാഹുവുമായി സംസാരിക്കുന്നു. ദീനി കാര്യങ്ങ ളിൽ അദ്ദേഹം അനുയായികളുടെ അധ്യാപകനാകുന്നു. അ വർക്ക് മാതൃകയാകുന്നു. മറുവശത്ത് മനുഷ്യകുലത്തിൽ പെ ട്ട ഒരു മനുഷ്യനുമാകുന്നു. മറ്റ് മനുഷ്യരുമായി ബന്ധപ്പെട്ടി രിക്കു എല്ലാ വിധ മാനുഷിക ഘടകങ്ങൾക്കും സ്വാഭാവപ രമായ ബലഹീനതകൾക്കും അദ്ദേഹവും ഉടമയാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു, ഈ സ്ഥലത്ത് വിശുദ്ധ ഖുർആൻ നബി(സ)യെ കുറിച്ച് سَنُقْرِئُكَ فَلَا تَنْسٰى നാം നിനക്ക് നല്കിയ അധ്യാപനം നീ മറന്ന് പോകില്ല എന്ന് പറഞ്ഞിട്ടു ണ്ടല്ലോ എന്ന ചോദ്യമുന്നയിക്കുകയാണെങ്കിൽ അത് ഖുർ ആനിക വഹിയെ കുറിച്ച് മാത്രം ബാധകമാണെന്ന് മനസി ലാക്കണം. അത് നിത്യേനയുള്ള കാര്യങ്ങളും ഭൗതിക കാ ര്യങ്ങളും ദീനിന്റെ പ്രത്യക്ഷ കാര്യങ്ങളുമായൊന്നും ബന്ധ പ്പെട്ട് നില്ക്കുന്ന ഒരു വാഗ്ദാനമല്ല. അതുകൊണ്ട് സാധാര ണഗതിയിൽ നബി(സ)യ്ക്ക് താല്കാലികമായി ഓർമക്കുറ വ് സംഭവിച്ചിരുന്നു. അത്പോലെ ഹുദൈബിയ സന്ധിക്ക് ശേഷം കുറച്ച് കാലത്തേക്ക് രോഗമെന്ന നിലയിൽ ഓർമക്കുറ വ് ഉണ്ടായിട്ടുണ്ട്. മുൻ ഉലമാക്കൾ സ്മൃതിഭ്രംശം എന്ന് തന്നെയൊണ് എഴുതിയിരിക്കുന്നത്. അല്ലാഹു എനിക്ക് ശി

ഫ നല്കിയെന്ന ഹദീസിന്റെ അവസാന വാചകം ഇക്കാര്യം വ്യക്തമാക്കുന്നുമുണ്ട്.

ഹുസൂർ തിരുമനസ്സ് പറയുന്നു: അവസാനമായി കാലത്തിന്റെ നീതിമാനും വിധികർത്താവും ഇത് സംബന്ധമായി പറഞ്ഞ നിർദ്ദേശങ്ങൾ വായിക്കാം. അത് എല്ലാ വിശദീകരണത്തിനും വിവക്ഷയ്ക്കും മേൽ ആധിപത്യം നേടിയിരിക്കുന്നു. ഒരു വ്യക്തി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സദസ്സിൽ ചോദ്യം ഉന്നയിച്ചു. നബി(സ)യുടെ മേൽ അവിശ്വാസികൾ മാരണം പ്രയോഗിച്ചു. ഇതിനെ കുറിച്ചുള്ള അങ്ങയുടെ അഭിപ്രായം എന്താണ്? ഹദ്റത്ത് അഖ്ദസ് പറഞ്ഞു: മാരണം പിശാചിൽ നിന്നുമുള്ളതാണ്. നബിമാരുടെ മേൽ ജാലവിദ്യക്കു ചെറിയ രീതിയിൽ പോലും സ്വാധീനം ചെലുത്താനായാൽ തന്നെ അത് അവരുടെ മഹനീയ സ്ഥാനത്തിന് മങ്ങലേല്പിക്കുന്നതായിരിക്കും. അവരെ കണ്ടാൽ ജാലവിദ്യക്കാർ ഓടി ഒളിക്കുമെന്നതാണ് യാഥാർഥ്യം. അല്ലാഹു പറഞ്ഞത് പോലെ وَلَا يُفْلِحُ السَّاحِرُ حَيْثُ أَتٰى നബി(സ)യുടെ മേൽ ജാലവിദ്യ വിജയിച്ചുവെന്നത് തികച്ചും തെറ്റായ കാര്യമാണ്. അതിനെ നാം ഒരിക്കലും അംഗീകരിക്കുകയില്ല. കണ്ണുമടച്ച് ബുഖാരിയും മുസ്‌ലിമും അംഗീകരിക്കുകയെന്നത് നമ്മുടെ വിശ്വാസപ്രമാണങ്ങൾക്ക് എതിരാണ്. ഉന്നതസ്ഥാനിയായ നബിയുടെ മേൽ മാരണം പ്രയോഗിക്കപ്പെട്ടുവെന്നത് ഒരിക്കലും ബുദ്ധി അംഗീകരിക്കുകയില്ല. ഏതെങ്കിലും ജാലവിദ്യക്കാരന്റെ പ്രഭാവത്താൽ നബി(സ)യുടെ ഓർമശക്തി നഷ്ടമായെന്നും അതുമിതും ചെയ്തുവെന്നും പറയുന്ന കാര്യങ്ങൾ ഒരു സാഹചര്യത്തിലും അനുയോജ്യമാകുകയില്ല. ഇത്തരക്കാർക്ക് എന്താണ് സംഭവിച്ചതെന്നറിയില്ല. അവർ എല്ലാ പ്രവാചകരെയും പൈശാചിക പ്രഭാവത്തിൽ നിന്ന് പരിശുദ്ധരായി ഗണിക്കുകയും ഈ നിഷ്കളങ്കനായ പ്രവാചകന്റെ മേൽ ഇത്തരം കാര്യങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നു.

ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറയുന്നു: അൽഹംദുലില്ലാഹ് കാലത്തിന്റെ ഇമാമിനെ വിശ്വസിച്ച കാരണത്താൽ നമുക്ക് നബി(സ)യുടെ സ്ഥാനവും പദവിയും മനസ്സിലാക്കുവാനും തിരിച്ചറിയുവാനും സാധിച്ചിരിക്കുന്നു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 08.03.2019
Malayalam Translation : **Hashim Ashraf,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516